ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. DTETVM/2686/2025-ACB1 (ACB)

തീയതി: 29-08-2025

## പരിപത്രം

2025-26 അദ്ധ്യയന വർഷത്തെ സർക്കാർ/എയിഡഡ് എൻജിനിയറിങ് കാളേജുകളിലെ ബി-ടെക് , ബി ആർക്ക് കോഴ്സുകളിലെ Centralized spot അഡ്മിഷൻ 09/09/2025(Tuesday) ഗവൺമെന്റ് എൻജിനിയറിങ് കോളേജ് തൃശ്ശൂരിൽ വച്ച് നടത്തുവാൻ തീരുമാനിച്ചതായി എല്ലാ സ്ഥാപന മേധാവികളെയും അറിയിക്കുന്നു . എല്ലാ സ്ഥാപനമേധാവികളും താഴെപ്പറയുന്നപ്രകാരമുള്ളനടപടികൾ കൈക്കൊള്ളേണ്ടതാണ്.

അന്നേ ദിവസം രാവിലെ 8:00 മണി മുതൽ 12:00 വരെ തൃശ്ശൂർ ഗവൺമെന്റ് എൻജിനിയറിങ് കോളേജിൽ സ്പോട്ട് അഡ്മിഷന് വേണ്ടി രജിസ്റ്റർ ചെയ്യാവുന്നതാണ് . നിലവിൽ അഡ്മിഷൻ എടുത്ത വിദ്യാർഥികളും പുതുതായി സ്പോട്ട് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർഥികളും നിർബന്ധമായും ഫീസ് അടയ്ക്കേണ്ടതാണ്. ജനറൽ വിഭാഗക്കാർക്ക് 9650/- (8650+1000/- (CAUTION DEPOSIT) രൂപയും SC/ST വിഭാഗക്കാർക്ക് 1000/- രൂപയും ഫീസായി അടക്കണം . GOVERNMENT, AIDED IHRD, CAPE LBS, CCE, SCT , CUSAT, MODEL ENGINEERING COLLEGE എന്നീ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് അഡ്മിഷൻ എടുക്കുന്ന വിദ്യാർഥികൾക്ക് NOC ആവശ്യമില്ല.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കു മാത്രമേ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. KEAM റാങ്ക് ലിസ്റ്റ് മുഖാന്തിരം അഡ്മിഷൻ എടുത്ത വിദ്യാർഥികൾ അഡ്മിഷൻ സ്ലിപ്പ് മാത്രം ഹാജരാക്കിയാൽ മതിയാകും.

സ്പോട്ട് അഡ്മിഷൻ എടുക്കുന്ന (നിലവിൽ അഡ്മിഷൻ എടുത്തിട്ടുള്ളവരും പുതുതായി അഡ്മിഷൻ എടുക്കുന്നവരും) എല്ലാ വിദ്യാർഥികളും അഡ്മിഷൻ എടുക്കുന്ന മുറക്ക് അന്ന് തന്നെ ഫീസ് ഒടുക്കേണ്ടതാണ്.ഫീസ് DIGIPAY മുഖാന്തിരം വാങ്ങാവുന്നതാണ്.

ഓരോ കോളേജുകളിൽ നിന്നും PRINCIPAL/UG DEAN / SUPERINTENDENT(ACADEMIC SECTION) / HEAD ACCOUNTANT / ACADEMIC SECTION CLERK എന്നിവരെ DEPUTE ചെയ്ത് സ്പോട്ട് അഡ്മിഷന് അയക്കേണ്ടതാണ്.

അഡ്മിഷന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് വേണ്ട എല്ലാ സജ്ജീകരണങ്ങളും (താമസസൌകര്യം) ഉൾപ്പെടെ GEC തൃശ്ശൂരിൽ നടത്തേണ്ടതും.സ്ഥാപനങ്ങളിൽ നിന്നും വരുന്ന ഉദ്യോഗസ്ഥർ ADMISSION PROCESS COMPLETE ചെയ്യുന്നതുവരെ പ്രസ്തുത സ്ഥാപനത്തിലോ/GEC THRISSSUR ഒരുക്കുന്ന GUEST HOUSEലോ തങ്ങുവാനുള്ള തയാറെടുപ്പുകളോടെ വരേണ്ടതാണെന്ന് അറിയിക്കുന്നു.

SPOT ADMISSION വഴി പ്രവേശനം ലഭിക്കുന്ന എല്ലാ വിദ്യാർഥികളും 10/09/2025, 11/09/2025 എന്നീ ദിവസങ്ങളിൽ അഡ്മിഷൻ ലഭിക്കുന്ന കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്.അതിനുശേഷം ഒഴിവ് വരുന്ന സീറ്റുകളിൽ 12/09/2025 ന് അതാത് സ്ഥാപനങ്ങൾ നേരിട്ട് സ്പോട്ട് അഡ്മിഷൻ നടത്തേണ്ടതാണെന്നും അറിയിക്കുന്നു

IHRD/CAPE/LBS എന്നീ കോളേജുകാർക്ക് അഡ്മിഷൻ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുന്നതിനുവേണ്ടി പ്രത്യേക കൌണ്ടറുകൾ GEC തൃശ്ശൂരിൽ സജ്ജീകരിക്കേണ്ടതാണ്

Centralized Spot Admission സംബന്ധിച്ചുള്ള പത്ര പരസ്യം GEC,THRISSURയിൽ നിന്നും നൽകേണ്ടതാണ്

വിശദാംശങ്ങൾക്ക് വിളിക്കേണ്ട നമ്പർ 940006411 മറ്റ് വിശദാംശങ്ങൾ (www.dtekerala.gov.in) എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്

Signed by
Jayaprakash P
Date: 29-08-2025 17:57:42

JAYAPRAKASH P
DIRECTOR (FULL ADDITIONAL CHARGE)

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി